**14 -ാം കേരള നിയമസഭ**

**22 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 104** **12-01-2021 - ൽ മറുപടിയ്ക്ക്**

**പോലീസിലെ വനിതാ പ്രാതിനിധ്യം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. സി.കെ. ഹരീന്ദ്രൻ | | Shri. Pinarayi Vijayan<br>(മുഖ്യമന്ത്രി) | |
| (എ) | കേരള പോലീസിലെ വനിതാ പ്രാതിനിധ്യം ഉയർത്തുന്നതിനായി ഈ സർക്കാർ കാലയളവിൽ സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തൊക്കെയാണെന്ന് അറിയിക്കാമോ; | (എ) | പോലീസിലെ വനിതാ പ്രാതിനിധ്യം ഉയർത്തുന്നതിന്റെ ഭാഗമായി സംസ്ഥാനത്ത് ആദ്യമായി ഒരു വനിതാ പോലീസ് ബറ്റാലിയൻ ആരംഭിച്ചിട്ടുണ്ട്. ഇതിൽ ഒരു വനിതാ കമാൻഡോ പ്ലറ്റൂണിന്റെ പരിശീലനവും പൂർത്തിയാക്കിയിട്ടുണ്ട്. ഇതിനായി 451 പുതിയ തസ്തികകൾ സൃഷ്ടിച്ചു. തിരുവനന്തപുരം മേനംകുളത്ത് സർക്കാർ നല്കിയിട്ടുള്ള പത്ത് എക്കർ സ്ഥലത്ത് വനിതാ ബറ്റാലിയന്റെ പ്രവർത്തനം ആരംഭിച്ചിട്ടുള്ളതാണ്. 05.11.2019 ലെ സ.ഉ.(കൈ) 175/2019/ആഭ്യന്തരം പ്രകാരം നിലവിൽ വനിതാ പോലീസ് സ്റ്റേഷനുകൾ ഇല്ലാത്ത പത്തനംതിട്ട, ഇടുക്കി, പാലക്കാട്, കാസർഗോഡ് എന്നീ റവന്യൂ ജില്ലകളിൽ ഓരോ വനിതാ പോലീസ് സ്റ്റേഷനുകൾ ജില്ലാ ആസ്ഥാനത്തു തന്നെ ആരംഭിക്കുന്നതിന് ഉത്തരവായിട്ടുണ്ട്. |
| (ബി) | മൊത്തം പോലീസ് സേനയുടെ 15% നിരക്കിലേക്ക് വനിതാ പ്രാതിനിധ്യം ഉയർത്തുന്നതിനായി പുതിയ തസ്തികകൾ സൃഷ്ടിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ; | (ബി) | ഘട്ടം ഘട്ടമായി 15% ആയി ഉയർത്തുന്നകാര്യം പരിഗണനയിലാണ്. |
| (സി) | നിലവിൽ ഡബ്ല്യൂ.സി.പി.ഒ. തസ്തികയിൽ എത്ര ഒഴിവുകളാണ് റിപ്പോർട്ട് ചെയ്തിട്ടുള്ളതെന്നും അതിൽ എത്ര ഒഴിവുകളിലേക്ക് നിയമന ശുപാർശ അയച്ചിട്ടുണ്ട് എന്നുമുള്ള വിവരം അറിയിക്കാമോ; | (സി) | നിലവിലെ വനിതാ പോലീസ് കോൺസ്റ്റബിൾ തസ്തികയുടെ റാങ്ക് ലിസ്റ്റിൽ നിന്നും 497 ഒഴിവുകൾ റിപ്പോർട്ട് ചെയ്യുകയും, 497 ഒഴിവുകളിലേയ്ക്കും നിയമന ശിപാർശ നൽകുകയും ചെയ്തിട്ടുണ്ട്. |
| (ഡി) | 2000-ത്തിലേറെ വനിതകൾ ഉൾപ്പെട്ടിട്ടുള്ള കാറ്റഗറി നമ്പർ 653/2017 ഡബ്ല്യൂ.സി.പി.ഒ. ലിസ്ററിൽ നിന്നും പരമാവധി ഉദ്യോഗാർത്ഥികൾക്ക് നിയമനം നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ; വിശദമാക്കാമോ? | (ഡി) | ഒഴിവുകൾ യഥാസമയം പി.എസ്.സി-ക്ക് റിപ്പോർട്ട് ചെയ്തുവരുന്നു. |

സെക്ഷൻ ഓഫീസർ